**No.CEE/1800/B.Tech (LE)-2020/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695 001.

# വിജ്ഞാപനം

## ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം-2020
## ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ 2020-21 വർഷത്തെ ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **16.11.2020 ഉച്ചയ്ക്ക് 12.00 വരെ** നിലവിലുള്ള ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. ബി.എസ്.സി സ്ട്രീമിലുള്ള അപേക്ഷകരെ ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. Diploma/D.Voc സ്ട്രീമിലുള്ള അപേക്ഷകരെ പരിഗണിച്ചതിനുശേഷം രണ്ടാം ഘട്ട അലോട്ട്മെന്റിൽ ബി.എസ്.സി സ്ട്രീമിലുള്ള അപേക്ഷകരെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്.

വെബ്സൈറ്റിലെ **'B.Tech(Lateral Entry) 2020 - Candidate Portal'**-ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ്ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കിയശേഷം അവരുടെ അലോട്ട്മെന്റ് മെമ്മോയും, ഡാറ്റാ ഷീറ്റും 09.11.2020 ലെ വിജ്ഞാപനത്തിലും അലോട്ട്മെന്റ് മെമ്മോയിലും പറഞ്ഞിരിക്കുന്ന അസ്സൽ രേഖകളും സഹിതം **19.11.2020** മുതൽ **21.11.2020, 3.00 മണി** വരെ ബന്ധപ്പെട്ട കോളേജുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാ ഹോം/നിർഭയ ഹോം/ജുവനൈൽ ഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ ഈ വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നുവെങ്കിൽ മാനേജ്മെന്റ് സീറ്റിന് ബാധകമായ ഫീസ് ഒടുക്കേണ്ടതാണ്.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **21.11.2020 വൈകുന്നേരം 4.00 ന് മുമ്പായി** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

*നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്.അവരെ തുടർന്ന് ഓൺലൈൻ കേന്ദ്രീകൃത അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അതിലേയ്ക്ക് പരിഗണിക്കുന്നതല്ല.*

ഓപ്ഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി , അഞ്ചരക്കണ്ടി കോളേജിനെ അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഓപ്ഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന ശ്രീ നാരായണ ഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി *(SNT)*, നോർത്ത് പറവൂർ കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (EE) ബ്രാഞ്ച് അലോട്ട്മെന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള രണ്ടാമത്തെയും അവസാനത്തേയും കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ *20.11.2020* ന് ആരംഭിക്കും. ഇതുമായി ബന്ധപ്പെട്ട വിശദമായ വിവരങ്ങൾ പിന്നീട് വിജ്ഞാപനം ചെയ്യുന്ന താണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
18.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**